**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ പഞ്ചായത്ത്- ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ- പട്ടികജാതിക്കാർക്ക് ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം -ചെലവായ 75600/- രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 60/2017/തസ്വഭവ. തിരുവനന്തപുരം, തീയതി: 09/ 01/2017

---

പരാമർശം: 1. കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 03.06.2016-ലെ എ 8-1263/2010 നമ്പർ കത്ത്.

2. കൊല്ലം ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ 30.05.2016-ലെ 5(6-)ം നമ്പർ തീരുമാനം.

3. 2007-08 ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.10

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലാ പഞ്ചായത്ത് 2007-08 സാമ്പത്തിക വർഷം ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ നിർവഹണോദ്യോഗസ്ഥനായി പട്ടികജാതിക്കാർക്ക് ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം എന്ന പ്രോജക്ടിനുകീഴിൽ പരിശീലനാർത്ഥികൾക്ക് പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ദിനബത്തയും ഭക്ഷണ ചെലവും നൽകിയിരുന്നു. ഈ ചെലവ് പരാമർശം (3) പ്രകാരം 2007-08 കാലയളവിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തി.

2) പരിശീലനാർത്ഥികൾക്ക് ദിനബത്തയും ഭക്ഷണ ചെലവും നൽകുന്നത് 24/04/2007 ലെ ജി.ഒ.(എം.എസ്) 183/07/തസ്വഭവ നം.സർക്കാർ ഉത്തരവിനു വിരുദ്ധമാണ് എന്നതിനാലാണ് ഈ ചെലവ് ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയത്.

3) പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന പരിശീലനാർത്ഥികൾ അന്നന്നത്തെ അധ്വാനം കൊണ്ട് ഉപജീവനം കഴിക്കുന്നവർ ആയിരിക്കും എന്നതിനാൽ പരിശീലന ദിവസങ്ങളിൽ ജോലി ഉപേക്ഷിച്ച പങ്കെടുക്കണമെന്ന് നിർദേശിച്ചാൽ വിട്ടുനിൽക്കാൻ സാധ്യത ഉണ്ട്.പട്ടിക ജാതി വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പരിപാടികളിൽ ദിനബത്തയും

ഭക്ഷണവും നൽകാറുണ്ട്. ഇക്കാരണങ്ങളാലാണ് ദിനബത്തയും ഭക്ഷണവും നൽകിയത് എന്നാണ് പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകിയത്.

4) മേൽ സാഹചര്യത്തിൽ പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന പരിശീലനാർത്ഥികൾ അന്നന്നത്തെ അധ്വാനം കൊണ്ട് ഉപജീവനം കഴിക്കുന്നവർ ആയിരിക്കും എന്നതിനാൽ പരിശീലന ദിവസങ്ങളിൽ ജോലി ഉപേക്ഷിച്ച് പങ്കെടുക്കണമെന്ന് നിർദേശിച്ചാൽ സ്വാഭാവികമായും വിട്ടുനിൽക്കാൻ സാധ്യത ഉണ്ട് എന്ന വസ്തുത പരിഗണിച്ചും, പട്ടിക ജാതി വകുപ്പ് നേരിട്ട് നടപ്പാക്കുന്ന പരിപാടികളിൽ ദിനബത്തയും ഭക്ഷണവും നൽകാറുണ്ട് എന്നതിനാലും ദിനബത്തയും ഭക്ഷണവും നൽകിയത് ന്യായീകരിക്കത്തക്കതാണ്. കൂടാതെ ഈ പ്രൊജക്റ്റ് നിർവഹണത്തിൽ മറ്റെന്തെങ്കിലും അപാകതകളോ, എന്തെങ്കിലും ദുരുദ്ദേശപരമായ താല്പര്യമോ ആർക്കെങ്കിലും ഉണ്ടായിരുന്നു എന്ന് കാണാനുമാകില്ല. ആയതിനാൽ കൊല്ലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ പട്ടികജാതിക്കാർക്ക് ക്ഷീരോൽപന്ന നിർമ്മാണ പരിശീലനം എന്ന പ്രോജക്റ്റിനുകീഴിൽ പരിശീലനാർത്ഥികൾക്ക് പദ്ധതി ദിനബത്തയും ഭക്ഷണ ചെലവും നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

ഷിബു.എ.റ്റി
ഗവ.അണ്ടർ സെക്രട്ടറി

സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.